## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 526 — 11.06.2013 ലെ മറുപടിയ്ക്ക്

## കാരുണ്യ ബെനവലന്റ് ഫണ്ട്

| | ചോദ്യം<br><br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ശ്രീ. പി.സി. ജോർജ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | | മറുപടി<br><br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് 2012-13 സാമ്പത്തിക വർഷം എത്ര തുകയുടെ ചികിത്സാ ധനസഹായമാണ് വിതരണം ചെയ്തതെന്ന് വ്യക്തമാക്കുമോ; | (എ) | 110.62 കോടി രൂപയുടെ ചികിത്സാ ധനസഹായമാണ് വിതരണം ചെയ്തത്. |
| (ബി) | രോഗികൾക്ക് യഥാസമയം പ്രസ്തുത ഫണ്ടിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണ്; | (ബി) | ജില്ലാ ആഫീസുകളിൽ ലഭിക്കുന്ന ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകൾ ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ തല കമ്മറ്റിയുടെ ശുപാർശയോടെ സംസ്ഥാന കമ്മറ്റിയുടെ മുമ്പാകെ വരുന്നതും ബഹു.ധനകാര്യമന്ത്രി ചെയർമാനായ സംസ്ഥാന കമ്മറ്റിയുടെ അംഗീകാരത്തോടെ തുക ബന്ധപ്പെട്ട ആശുപത്രികളിലേക്ക് അനുവദിയ്ക്കുകയുമാണ് ചെയ്യുന്നത്. അടിയന്തിര ഘട്ടങ്ങളിൽ ചികിത്സ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ആശുപത്രികളിലേക്ക് മുൻകൂർ അനുവാദം നൽകുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇതിനായി സർക്കാർ മെഡിക്കൽ കോളേജുകൾക്കും പ്രധാനപ്പെട്ട ജനറൽ ആശുപത്രികൾക്കുമായി 10 ലക്ഷം രൂപാ വീതം കരുതൽ ധനം നൽകിയിട്ടുണ്ട്. സംസ്ഥാന കമ്മിറ്റിയിലേയ്ക്ക് ശുപാർശ ചെയ്തിട്ടുള്ള അപേക്ഷകളിൽ അടിയന്തിര ചികിത്സ ആവശ്യമായി വരുന്ന രോഗികൾക്ക്, കാരുണ്യാ അഡ്മിനിസ്ട്രേറ്റർ, രോഗികളുടെ ആവശ്യപ്രകാരം ചികിത്സ നടത്തുന്നതിനായി ബന്ധപ്പെട്ട ആശുപത്രികളിലേക്ക് മുൻകൂർ അനുമതി നൽകുന്നുണ്ട്. |
| (സി) | ആഴ്ചയിൽ ഒന്നിലേറെ തവണ ഡയാലിസിസിനു വിധേയരാകേണ്ടി വരുന്ന വൃക്ക രോഗികൾക്ക് വേണ്ടി വരുന്ന ചികിത്സാ ചെലവ് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് സ്ഥിരമായി നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | ആഴ്ചയിൽ ഒന്നിലധികം തവണ ഡയാലിസിസ് വേണ്ടി വരുന്ന രോഗികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും പരമാവധി ധനസഹായമായ രണ്ടുലക്ഷം രൂപ വരെ ലഭ്യമാക്കുന്നുണ്ട്. ബന്ധപ്പെട്ട ജില്ലാ ആശുപത്രികളിലേക്കാണ് തുക അനുവദിക്കുന്നത്. കൂടാതെ ആഴ്ചയിൽ 350 രൂപാ വീതം എറിത്രോപോയ്റ്റെൻ മരുന്നും കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലൂടെ നല്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.